മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ കാര്യാലയം
കേശവദാസപുരം, പട്ടം പാലസ് പി.ഓ, തിരുവനന്തപുരം-695004.
ഫോൺ: 0471-2447429, ഇ-മെയിൽ:director.dir.dmg@kerala.gov.in

നം: ഡിഎംജി/1623/2026-എ4. തീയതി: 06-11-2026

ദർഘാസ് പരസ്യം.

മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ കേശവദാസപുരത്തുള്ള ആസ്ഥാന കാര്യാലയത്തിൽ താല്കാലികാടിസ്ഥാനത്തിൽ 2026-27-ൽ ഒരു വർഷത്തേക്ക് കാന്റീൻ നടത്തുന്നതിലേക്കായി ടി മേഖലയിൽ ഒരു വർഷത്തെയെങ്കിലും പ്രവൃത്തി പരിചയമുള്ള വ്യക്തികളിൽ നിന്നും മുദ്രവച്ച കവറിൽ കൊട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. കാന്റീൻ നടത്തിപ്പിനുള്ള വ്യവസ്ഥകൾ ഓഫീസിൽ നേരിട്ട് ഹാജരായി അന്വേഷിക്കേണ്ടതാണ്. താല്പര്യമുള്ള വ്യക്തികൾ ഏഴ് ദിവസത്തിനുള്ളിൽ മുദ്രവച്ച കവറിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിക്കുന്നവരുമായി കരാർ ഉറപ്പിക്കുന്നതാണ്.

വ്യവസ്ഥകൾ

1) ചായ, കോഫി, ദോശ, ഇഡ്ഡലി, പുട്ട്, പെറോട്ട, ചപ്പാത്തി, കടലക്കറി, ഉരുളക്കിഴങ്ങ് കറി മുട്ടക്കറി, എണ്ണപ്പലഹാരങ്ങങ്ങൾ (ഉഴുന്നുവട, വാഴക്ക അപ്പം, ഉള്ളിവട, സുഖിയൻ, ഇലയട, പഴക്കേക്ക്, കട്ലറ്റ് (വെജ്, നോൺവെജ്) ഊണ് (വെജ്, നോൺ വെജ്), മീൻ കറി, മീൻ ഫ്രൈ, കപ്പ, ഓംലറ്റ്, ബീഫ് കറി, ബീഫ് ഫ്രൈ, ചിക്കൻ കറി, ചിക്കൻ ഫ്രൈ, ചിക്കൻ ബിരിയാണി, ബീഫ് ബിരിയാണി തുടങ്ങിയ ആഹാര പദാർത്ഥങ്ങളുടെ ഇനം തിരിച്ചുള്ള വിലവിവരം കാണിച്ചിരിക്കേണ്ടതാണ്.

2) അംഗീകരിക്കപ്പെടുന്ന ക്വട്ടേഷൻ സമർപ്പിക്കുന്നവർ 5000/- രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സമർപ്പിക്കേണ്ടതാണ്.

3) ക്യാന്റീൻ വേസ്റ്റുകൾ നടത്തിപ്പുകാർ അതതുദിവസങ്ങളിൽ തന്നെ നീക്കം ചെയ്യേണ്ടതാണ്.

4 കാന്റീൻ കാലാവധി കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും.

5) തെരഞ്ഞെടുക്കപ്പെടുന്നവർ ഡയറക്ടറുമായോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

6) ക്വട്ടേഷൻ നൽകിയശേഷം പിൻവലിക്കുന്ന പക്ഷം 2500/-രൂപ പിഴ നൽകേണ്ടതാണ്.

7) കാന്റീൻ പ്രവർത്തിപ്പിക്കുന്നതിനു് ആവശ്യമായ ലസൻസുകൾ കാന്റീൻ നടത്തിപ്പുകാർ സമ്പാദിക്കേണ്ടതും ആയത് കാന്റീനിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

8) ക്വട്ടേഷൻ നിരസിക്കുവാനുള്ള പൂർണ്ണ അധികാരം ഡയറക്ടറിൽ നിക്ഷിപ്തമാണ്.

മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ.

Digitally signed by
Mithun Premraj
Date: 06-11-2026
10:37:06